# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **11.02.2013 ലെ മറുപടിക്ക്**

**നമ്പർ. 1591**

### പ്രവാസി ഭാരതീയ ദിവസ് നടത്തിയതിന്റെ വിശദാംശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. റ്റി. എൻ. പ്രതാപൻ:<br>ശ്രീ. വി. ഡി. സതീശൻ:<br>ശ്രീ. സി. പി. മുഹമ്മദ്: | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) പ്രവാസി ഭാരതീയ ദിവസ് സംസ്ഥാനത്ത് നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | 2013 ജനുവരി 7-9 വരെ തിയതികളിൽ 11-ാമത് പ്രവാസി ഭാരതിയ ദിവസ് കൊച്ചിയിൽ വച്ച് നടത്തിയിട്ടുണ്ട്. |
| (ബി) സമ്മേളനത്തിന്റെ മുലവിഷയങ്ങളും പ്രധാന ചർച്ചാവിഷയവും എന്തെല്ലാമായിരുന്നു; വിശദമാക്കുമോ; | (ബി) | മേൽ സമ്മേളനത്തിൽ താഴെ പറയുന്ന വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.<br>1) വിദേശത്തുള്ള പ്രവാസി ഇന്ത്യാക്കാർ<br>2) നൈപുണ്യ വികസനം<br>3) ശാസ്ത്ര മേഖല<br>4) ടൂറിസം<br>5) യുവജനങ്ങളുമായുള്ള സംവാദം<br>6) ഇന്ത്യയുടെ വികസനം അവസരങ്ങൾ<br>7) പ്രവാസി ഭാരതീയ നിക്ഷേപം - സുരക്ഷിത അന്തരീക്ഷം |

| | | | |
|---|---|---|---|
| | | | 8) സാമ്പത്തിക വളർച്ച - രണ്ടാം തലമുറയെ ഉൾപ്പെടുത്തൽ.<br>9) ഗദ്ദാർ പ്രസ്ഥാനം സംബന്ധിച്ച പ്രഖ്യാപനം |
| (സി) വിവിധ മേഖലകളിൽ വിദേശ മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ, സംസ്ഥാനത്തെ അവസരങ്ങൾ, സുരക്ഷിതമായ നിക്ഷേപ സാഹചര്യം തുടങ്ങിയവ ചർച്ചാ വിഷയമാക്കിയോ; വിശദാംശങ്ങൾ അറിയിക്കുമോ ? | | (സി) | ജനുവരി 9-ാം തിയതി ഓരോ സംസ്ഥാനത്തിനും പ്രത്യേകമായി നൽകിയ സ്റ്റേറ്റ് സെഷനുകളുടെ അവസരത്തിൽ, പ്രവാസി മലയാളികളെ സംബന്ധിച്ച എല്ലാവിഷയങ്ങളും, നിക്ഷേപ സാധ്യതകൾക്ക് പ്രാമുഖ്യം നൽകികൊണ്ട് ചർച്ച ചെയ്യുന്നതിന് കേരള സംസ്ഥാന സെഷൻ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത സെഷനിൽ മുഖ്യമന്ത്രിയും, കേന്ദ്ര പ്രവാസികാര്യ മന്ത്രിയും, നോർക്ക വകുപ്പ് മന്ത്രിയും പങ്കെടുത്ത് പ്രവാസി മലയാളികളുമായി ആശയ വിനിമയം നടത്തുകയും, അഭിപ്രായങ്ങൾ സ്വരൂപിക്കുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ